# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1281**

**06.03.2018 - ൽ**
**മറുപടിയ്ക്ക്**

### നിലമ്പൂർ മണ്ഡലത്തിലെ കൃഷി ഫാമുകൾ

**ചോദ്യം**
**ശ്രീ.പി.വി.അൻവർ**

**മറുപടി**
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

**എ)** നിലമ്പൂർ മണ്ഡലത്തിലുള്ള കൃഷി ഫാമുകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണം, ഹെക്ടർതിരിച്ചുള്ള കണക്ക് എന്നിവയും ലഭ്യമാക്കാമോ; കൃഷി ഫാമുകളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ;

**എ)** നിലമ്പൂർ മണ്ഡലത്തിലുള്ള കൃഷി ഫാമുകൾ താഴെപറയും പ്രകാരമാണ്.

1. സംസ്ഥാന വിത്തുകൃഷിത്തോട്ടം മുണ്ടേരി - ആകെ വിസ്തൃതി - 505.29 ഹെക്ടർ
2. ജില്ലാ കൃഷിത്തോട്ടം ചുങ്കത്തറ - ആകെ വിസ്തൃതി - 33.34 ഹെക്ടർ

കൃഷി ഫാമുകളുടെ സമഗ്ര വികസനത്തിന് സംസ്ഥാന വിത്തുകൃഷിത്തോട്ടം മുണ്ടേരിയിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദന വിതരണവും, പുതിയ ഇനം ഫലവൃക്ഷങ്ങളുടെ പ്രദർശനത്തോട്ടം, ഫല വൃക്ഷങ്ങളുടെ മാതൃവൃക്ഷത്തോട്ട വികസനവും പരിപാലനവും, കേരസമൃദ്ധി, സംയോജിത കൃഷി വികസനം (മൃഗ സംരക്ഷണ-മീൻ വളർത്തൽ-തേനീച്ച വളർത്തൽ), കുറിയ ഇനം തെങ്ങിൻ തൈകളുടെ പ്രദർശനത്തോട്ടം, പച്ചക്കറി കൃഷി വികസനം, ഫാമിന്റെ യന്ത്രവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം (ആന കിടങ്ങുകൾ, പമ്പ് പുരകൾ, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൗരോർജ്ജവേലി നിർമ്മാണം, ചെയിൻലിങ്ക് വേലി നിർമ്മാണം) എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഇതിനു പുറമേ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈയിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

| | |
|---|---|
| **ബി)** ഈ സർക്കാർ വന്നതിന് ശേഷം നിലമ്പൂർ മണ്ഡലത്തിലെ ഫാമുകളായ മുട്ടിക്കടവ്, മുണ്ടേരി എന്നിവിടങ്ങളിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | **ബി)** ഈ സർക്കാർ വന്നതിന് ശേഷം നിലമ്പൂർ മണ്ഡലത്തിലെ ഫാമുകളിൽ നടപ്പാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| **സി)** ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | **സി)** ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സ്വീകരിച്ചു വരുന്നു. |
| **ഡി)** മുട്ടിക്കടവ്, മുണ്ടേരി ഫാമുകളിൽ താൽക്കാലിക ജീവനക്കാരെ തെരഞ്ഞെടുക്കുന്നതിന്റെ നിലവിലെ അവസ്ഥയെന്തെന്ന് അറിയിക്കാമോ ; നിലവിൽ അർഹരായ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ? | **ഡി)** മുട്ടിക്കടവ്, മുണ്ടേരി ഫാമുകളിൽ താൽക്കാലിക തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനായി മലപ്പുറം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അർഹരായവരുടെ പട്ടിക ലഭിക്കുന്നതിന് മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>മുട്ടിക്കടവിൽ സ്ഥിതിചെയ്യുന്ന ചുങ്കത്തറ ജില്ലാകൃഷിത്തോട്ടത്തിൽ നിലവിൽ അർഹനായ ഒരു കാഷ്വൽ തൊഴിലാളിയേയും മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ നിലവിൽ അർഹരായ 171 കാഷ്വൽ തൊഴിലാളികളേയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1) സംസ്ഥാന വിത്തുകൃഷിത്തോട്ടം മുണ്ടേരി

### 2016-17 ൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ. നം | പദ്ധതിയുടെ പേര് | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും | 18.12 |
| 2 | ഫാമുകളുടെ അടിസ്ഥാന സൗകര്യ വികസനം | 6.00 |
| 3 | നാളികേര വികസനം- കേരസമൃദ്ധി | 1.25 |
| 4 | കുരുമുളക് വികസന പദ്ധതി | 3.75 |
| 5 | **അടിസ്ഥാന സൗകര്യ വികസനം** | |
| a | ജലസേചന കുളങ്ങൾ- 2 എണ്ണം | 40.00 |
| b | ആന കിടങ്ങളുടെ നിർമ്മാണം | 30.00 |
| c | അതിർത്തിവേലി (ചെയിൻലിങ്ക്) | 25.00 |
| d | കന്നുകാലി തൊഴുത്ത് നിർമ്മാണം | 8.00 |
| e | സൗരോർജ്ജ വേലി നിർമ്മാണം | 10.00 |
| f | ക്വാർട്ടേഴ്സ് റിപ്പയർ | 10.00 |
| g | തൊഴിലാളികൾക്കുള്ള ടോയ് ലറ്റ് നിർമ്മാണം | 6.00 |
| | **ആകെ** | **158.12** |

### 2017-18 ൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ. നം | പദ്ധതിയുടെ പേര് | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | നടീൽ വസ്തുക്കളുടെ ഉൽപ്പാദന വിതരണ പദ്ധതി | 31.25 |
| 2 | പുതിയ ഇനം ഫലവൃക്ഷ പ്രദർശനത്തോട്ടം | 5.00 |
| 3 | ഫല വൃക്ഷങ്ങളുടെ മാതൃവൃക്ഷത്തോട്ട വികസനവും പരിപാലനവും | 12.90 |
| 4 | കേരസമൃദ്ധി നാളികേര വികസന പദ്ധതി | 1.00 |
| 5 | സംയോജിത കൃഷി വികസനം (മൃഗ സംരക്ഷണ-മീൻ വളർത്തൽ-തേനീച്ച വളർത്തൽ) | 30.00 |
| 6 | കുറിയ ഇനം തെങ്ങിൻ തൈകളുടെ പ്രദർശനത്തോട്ടം | 12.10 |
| 7 | പച്ചക്കറി കൃഷി വികസനം | 1.00 |
| 8 | ഫാമിന്റെ യന്ത്രവൽക്കരണം | 10.00 |
| 9 | അടിസ്ഥാന സൗകര്യ വികസനം (ആന കിടങ്ങുകൾ, പമ്പ് പുരകൾ, പമ്പ്സെറ്റ് സ്ഥാപിക്കൽ, സൗരോർജ്ജവേലി നിർമ്മാണം, ചെയിൻലിങ്ക് വേലി നിർമ്മാണം) | 35.00 |
| | **ആകെ** | **138.25** |

2) ചുങ്കത്തറ ജില്ലാകൃഷിത്തോട്ടം

2016-17 ൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ. നം | പദ്ധതിയുടെ പേര് | തുക ( ലക്ഷം രൂപ) |
|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി ഗ്രോബാഗ് വിതരണം | 4.50 |
| 2 | കുരുമുളക് വികസന പദ്ധതി | 3.75 |
| 3 | സൂക്ഷ്മ ജലസേചനം | 1.00 |
| 4 | **എഞ്ചിനീയറിംഗ് വർക്കുകൾ** | |
| a | പരിശീലന ഹാൾ നിർമ്മാണം | 20.00 |
| b | ചെയിൻലിങ്ക് വേലി നിർമ്മാണം | 10.50 |
| | **ആകെ** | **39.75** |

2017-18 ൽ നടപ്പിലാക്കിയ പദ്ധതികൾ

| ക്രമ. നം | പദ്ധതിയുടെ പേര് | തുക (ലക്ഷം രൂപ) |
|---|---|---|
| 1 | പച്ചക്കറി വികസന പദ്ധതി ഗ്രോബാഗ് വിതരണം | 6.00 |
| 2 | കുരുമുളക് വികസന പദ്ധതി | 4.50 |
| 3 | പുതിയ ഇനം ഫലവൃക്ഷ പ്രദർശനത്തോട്ടം | 5.00 |
| 4. | ഫല വൃക്ഷങ്ങളുടെ മാതൃവൃക്ഷത്തോട്ട വികസനവും പരിപാലനവും | 4.55 |
| 5 | സംയോജിത കൃഷി വികസനം (മൃഗ സംരക്ഷണ-മീൻ വളർത്തൽ - തേനീച്ച വളർത്തൽ) | 13.00 |
| 6 | ഔഷധസസ്യകൃഷി- ക്രോപ്പ് മ്യൂസിയം | 1.00 |
| 7 | കേരസമൃദ്ധി | 0.50 |
| 8 | **എഞ്ചിനീയറിംഗ് വർക്കുകൾ** | |
| a | സൂക്ഷ്മ ജലസേചനം | 10.00 |
| b | ചുറ്റുമതിൽ റിപ്പയർ, ക്വാർട്ടേഴ്സ് റിപ്പയർ | 3.00 |
| c | വാട്ടർ ടാങ്ക് റിപ്പയർ | 8.00 |
| d | 12 എച്ച്.പി. ഡീസൽ മോട്ടോർ | 5.00 |
| e | പമ്പ് ഹൗസ് സ്ഥാപിക്കൽ | 2.50 |
| f | 10 KV ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 3.50 |
| g | ജലസേചന ചെലവ്, റിപ്പയർ & വാൽവ് സ്ഥാപിക്കൽ | 2.00 |
| | **ആകെ** | **68.55** |

സെക്ഷൻ ഓഫീസർ